ബഹുമാനപ്പെട്ട നഗരസഭാ മേയർക്ക് പൗണ്ട്കടവ് കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ സമർപ്പിക്കുന്ന നിവേദനം.

സർ,

കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ പരിധിയിൽ മാത്രമല്ല, ഈ പ്രദേശത്താകമാനമുള്ള ആളുകളുടേയും, യാത്രക്കാരുടേയും സൗകര്യവും, വികസനവും പരിഗണിച്ച് താഴെ പറയുന്ന പ്രശ്നങ്ങളിൽ താങ്കളുടെ പ്രത്യേക ശ്രദ്ധ പതിയണമെന്നും അവയുടെ പരിഹാരത്തിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി അഭ്യർത്ഥിക്കുന്നു.

1. കുഴിവിള-പൗണ്ട്കടവ് പാലത്തിനുസമീപം നിർമ്മിച്ചിരിക്കുന്ന കോണ്ടൂർ ബിൽഡേഴ്സിന്റെ ഫ്ളാറ്റിന്റെ മുറ്റം അവിടെ വീഴുന്ന മഴവെള്ളം മുഴുവൻ പൗണ്ട്കടവ് റോഡിലേയ്ക്ക് ഒഴുകി വീഴത്തക്ക രീതിയിൽ റോഡിലേയ്ക്ക് ചരിച്ചാണ് പണിതിരിക്കുന്നത്. ഇതുമൂലം മഴക്കാലത്ത് ഈ റോഡിൽ വളരെ ഉയരത്തിൽ വെള്ളം പൊങ്ങി ഇരുഭാഗത്തേയ്ക്കും വാഹനത്തിലോ നടന്നോ യാത്ര ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ടാകുന്നു. മാത്രമല്ല, മഴക്കാലത്ത് തെറ്റിയാർ തോടിൽ വെള്ളം പൊങ്ങി അതിനു പടിഞ്ഞാറുഭാഗത്തുള്ള പറമ്പിലും റോഡിലും വെള്ളം പൊങ്ങുന്നതിനാൽ, ഒരു തുരുത്തിൽ അകപ്പെട്ടതുപോലെ, ഒരു ഭാഗത്തേയ്ക്കും യാത്ര ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ടാകുന്നു. ഇതിനു പരിഹാരമായി പാലത്തിനേക്കാൾ താഴ്ന്നുകിടക്കുന്ന റോഡിന്റെ ഭാഗം ഉയർത്തി റോഡിൽ വീഴുന്ന വെള്ളം തോട്ടിലേയ്ക്ക് ഒഴുക്കിവിടാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം ഫ്ളാറ്റ് മുറ്റത്തു വീഴുന്ന വെള്ളം റോഡിലേയ്ക്കൊഴുക്കാതെ തോട്ടിലേയ്ക്ക് ഒഴുക്കിവിടുന്നതിനുള്ള നിർദ്ദേശം നൽകണമെന്നഭ്യർത്ഥിക്കുന്നു.

2. മഠത്തുനടയിൽ നിന്നും പൗണ്ട്കടവിലേയ്ക്ക് വരുന്ന റോഡിൽ വളവിൽ ഇടതുവശത്തുള്ള താമസക്കാരൻ മതിലിന്റെ കരിങ്കൽ ബേസ്മെന്റ് റോഡിലേയ്ക്ക് തള്ളി കെട്ടിയിരിക്കുന്നതിനാൽ അതുവഴി കടന്നുപോകുന്ന വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് പതിവാണ്.

3. ആയതിനാൽ മേൽസൂചിപ്പിച്ച വിഷയങ്ങളിൽ അടിയന്തിര പരിഹാരം ഉണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു.

സെക്രട്ടറി

5.11.2017 കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ